# Malayala Manorama

## 20 August 2018

## Chellanam, Kumbalanghi, Flood, Waterlogged



കുമ്പളങ്ങി - കണ്ടക്കടവ് റോഡിൽ വെള്ളം കയറിയപ്പോൾ.

# കായലിൽ മുങ്ങിത്താണ് കുമ്പളങ്ങിയും ചെല്ലാനവും

- ചെല്ലാനത്തിന്റെ കിഴക്കൻ മേഖലകളിൽ അഞ്ഞൂറിലേറെ വീടുകൾ വെള്ളത്തിൽ മുങ്ങി
- നമ്പ്യാപുരം റോഡ് മുതൽ എസ്ഡിപിവൈ സ്കൂൾ വരെ 28 വീടുകളിൽ വെള്ളം കയറി

കുമ്പളങ്ങി ● കായലിൽ വെള്ളം ഉയർന്നതിനെ തുടർന്നു കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലെ നൂറുകണക്കിനു വീടുകൾ വെള്ളത്തിലായി.

കുമ്പളങ്ങി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി ആയിരത്തോളം പേരെ ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റി. പഴങ്ങാട് സെന്റ് ജോർജ് സ്കൂൾ, സെന്റ് പീറ്റേഴ്സ് സ്കൂൾ എന്നിവിടങ്ങളിലാണ് ക്യാംപുകൾ തുറന്നിട്ടുള്ളത്. കോയബസാറിൽ പ്രധാന റോഡിൽ വെള്ളം കയറി.

കുമ്പളങ്ങി റോഡിന്റെ കിഴക്കു ഭാഗത്താണു കൂടുതൽ വീടുകളിൽ വെള്ളം കയറിയിട്ടുള്ളത്. കുമ്പളങ്ങി-കണ്ടക്കടവ് റോഡിൽ വെള്ളം നിറഞ്ഞതോടെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡിലൂടെയുള്ള യാത്ര ദുരിതമായി.

ചെല്ലാനം പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ അഞ്ഞൂറിലേറെ വീടുകൾ വെള്ളത്തിൽ മുങ്ങി. കണ്ടക്കടവ്, വാൽമുതുക്, മറുവക്കാട്, കണ്ണമാലി, വാടച്ചിറ, മുതുകുപുറം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ചെല്ലാനം തീരദേശ റോഡിൽ ചാൽപുറം മുതൽ കണ്ണമാലി വരെ റോഡ് വെള്ളത്തിൽ മുങ്ങിയിരിക്കുകയാണ്.

പുത്തൻതോട് ഗവ. സ്കൂൾ പരിസരങ്ങളിൽ വെള്ളക്കെട്ടു മൂലം ഇവിടെ പ്രവർത്തിച്ചിരുന്ന ക്യാംപ് കണ്ടക്കടവ് സെന്റ് സേവ്യർ സ്കൂളിലേക്കു മാറ്റി. കാട്ടിപ്പറമ്പ് സെന്റ് ജോസഫ് സ്കൂളിലും ക്യാംപ് തുറന്നിട്ടുണ്ട്.

പള്ളുരുത്തി നമ്പ്യാപുരം റോഡ് മുതൽ എസ്ഡിപിവൈ സ്കൂൾ വരെ 28 വീടുകളിൽ വെള്ളം കയറി. ഇവരെ സെന്റ് റീത്താസ് സ്കൂളിലെ ക്യാംപിലേക്കു മാറ്റി.